## കുടുംബശ്രീ കണ്ണൂർ ജില്ലാമിഷൻ (G S L P )

## Influence of Labour and Working –Participation of Mobility

1. തെഴിലിടങ്ങളിൽ സ്ത്രീകൾ വിവിധ തരം ചൂഷണത്തിരയാകുന്നു . ഉദാ :– (നോട്ടം , സ്പർശനം, കൂലി, ലൈംഗികം, വിദ്യാഭ്യാസം, മുതലായവ ) ഇത് സ്ത്രീയുടെ ചലനാത്മകതയ്ക്ക് വിഘാതമായി നിലനിൽക്കുന്നു.

2. തെഴിലിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത അവസ്ഥ ഉദാ:– മുതലാളിമാർക്ക് ആ സമയത്തെവരുമാന ലഭ്യതക്കുറവ് എല്ലാതരത്തിലും സ്ത്രീകളുടെ ചലനാത്മകതയെ വിപരീതമായി ബാധിക്കുന്നു.

3. വിദ്യാഭ്യാസ കുറവ് കൂലികൊടുക്കുന്ന കാര്യത്തിൽ നിഷേധാത്മക സമീപനം കാഴ്ച വെയ്ക്കുന്നു. ഇത് ചലനാത്മകതയ്ക്ക് വിഘാതമായി തീരുന്നു.

4. SC/ST മേഖലകളിൽ വിദ്യാഭ്യാസ കുറവുകൊണ്ടും , വളർന്നു വന്ന സാഹചര്യം കൊണ്ടും ലൈംഗികമായും മാനസികമായും, ശാരീരികമായും, സാമ്പത്തികമായും തൊഴിലിടങ്ങളിലും അല്ലാതെയും ചൂഷണത്തിനിരയാകുന്നു. ഇത് ചലനാത്മകതയെ സാരമായി ബാധിക്കുന്നു.

5. സ്ത്രീ – പുരുഷ സമത്വമില്ലായമയും , പുരുഷ മേധാവിത്ത്വവും തൊഴിലിടങ്ങളിൽ ഇരട്ട ചൂഷണത്തിനിടയാക്കുന്നു.

6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മാത്രമാണ് തുല്യത വന്നതെങ്കിലും അതിലും പുരുഷൻ വികസന കാര്യത്തിൽ പങ്കാളിയാകാതെ ഇത് സ്ത്രീകളുടെ പണിയാണ് എന്ന് തെറ്റിദ്ധരിച്ച് തൊഴിലിടങ്ങളിൽ സ്ത്രീകൾ ഇരട്ട ഭാരമുള്ള തൊഴിൽ ചെയ്യേണ്ടി വരുന്ന അവസ്ഥയുണ്ടാകുന്നു . ഇത് ചലനാത്മകതയെ സാരമായി ബാധിക്കുന്നു .

7. സെയിൽസ് ഗേൾ, ഓട്ടോ തൊഴിലാളികൾ മത്സ്യ മാർക്കറ്റിലെ സ്ത്രീ തൊഴിലാളികൾ , എന്നിവർ പലവിധ ശാരീരിക മാനസിക, സാമൂഹിക ചൂഷണത്തിനിരയാകുന്നു.

8.അസംഘടിത മേഖലയിലെ തൊഴിലാളികൾ മുതലാളിമാരുടെ ശകാരം സഹിക്കവയ്യാതെ ജോലി ചെയ്യാൻ മടി കാണിക്കുന്നു. ഇത് ചലനാത്മകതയെ സാരമായി ബാധിക്കുന്നു.

9. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീകൾ പോലും അമിതമായ ജോലി ഭാരം മൂലം സ്വന്തം കൂടുംബത്തിന്റെ ഉത്തരവാദിത്തം നിറവേറ്റാൻ കഴിയാതെ സ്വന്തം വീട്ടിൽ ചൂഷണം ചെയ്യപ്പെടുന്നു.

10. 60 വയസ്സ് കഴിഞ്ഞ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ ,ശാരീരിക മാനസിക പിരിമുറുക്കിനോടൊപ്പം ഉറക്കം കിട്ടാത്ത അവസ്ഥയും അത് സ്ത്രീകളെ mental depression നിലേക്ക് നയിക്കുന്നു.

11.അറിവിന്റെ അപര്യാപ്തത മൂലം തൊഴിലിടങ്ങളിൽ സ്ത്രീകൾ ചൂഷണത്തിനിരയാകുന്നു (ഉദാ:- നിയമത്തിന്റെ അറിവില്ലായ്മ)